# പതിനാറാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം II

2026 ജൂൺ 2

നമ്പർ : **13**

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2026 ജൂൺ 1 – ന് സഭ ചേരുന്നതല്ല. പകരം 2026 ജൂൺ 4 – ന് സഭ ചേരുകയും അന്നേ ദിവസം നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ ചർച്ചയ്ക്കായി വിനിയോഗിക്കുകയും ചെയ്യുന്നതാണ്.

2026 ജൂൺ 4 – ന് അനിശ്ചിത കാലത്തേയ്ക്ക് പിരിയേണ്ട സഭയുടെ ഒന്നാം സമ്മേളനം 2026 ജൂൺ 19, വെള്ളിയാഴ്ച മുതൽ വീണ്ടും ചേരുന്നതും അന്ന് 2026-27 ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുന്നതുമാണ്. തുടർന്ന് 2026 ജൂൺ 22, 23, 24 എന്നീ തീയതികളിൽ 2026-27 ലെ പുതുക്കിയ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച നടക്കുന്നതും 2026 ജൂൺ 29, 30 എന്നീ തീയതികളിൽ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ ചർച്ചയും വോട്ടെടുപ്പും നടത്തുന്നതുമാണ്. കൂടാതെ 2026 ജൂലൈ 1 – ന് പുതുക്കിയ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ പരിഗണനയ്ക്കായി വിനിയോഗിക്കുന്നതുമാണ്.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.